ചുറ്റുവട്ടത്തു നിൽക്കുന്ന ആറ് കുട്ടത്തെയാണ്. ഒരു കടുംകാപ്പി കുടിക്കാനുള്ള ചെറിയ കാൻറീൻ പോലും ആ ജില്ലാ ആസ്ഥാന പ്രദേശത്തില്ല. ഇടുക്കി ജില്ലയിലെ വിവിധ പ്രദേശങ്ങളിൽ പ്രവർത്തിക്കുന്ന ഓഫീസുകൾ അടിയന്തിരമായി ജില്ലാ ആസ്ഥാനത്തേക്ക് മാറ്റാനും, ജില്ലാ ആസ്ഥാനത്തിന്റെ വികസനത്തിനാവശ്യമായ ഭൂമി അടിയന്തിരമായി വിട്ടുകൊടുക്കാനും ഇടുക്കി ജില്ലാ ആസ്ഥാനത്തിന്റെ രണ്ടാം ഘട്ട പ്രവർത്തനം ആരംഭിക്കാനും ബഹുമാനപ്പെട്ട മുഖ്യമന്ത്രി കാണിക്കുന്ന താൽപ്പര്യം കൂടുതൽ ശുഷ്കാന്തിയോടുകൂടി ഈ ഘട്ടത്തിൽത്തന്നെ നടപ്പിലാക്കാൻ വേണ്ട നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആൻറണി) : സർ, ശ്രീ. മാത്യു സ്റ്റീഫൻ ഇവിടെ ഉന്നയിച്ച പ്രശ്നം ഇടുക്കി ജില്ലയിലെ മുഴുവൻ ജനങ്ങളുടേയും ഒരു പൊതുവായ പ്രശ്നമാണ്. ഗവൺമെൻറിന് ഈ പ്രശ്നത്തിന്റെ ഗൗരവം അറിയാം, ഇടുക്കിയിലെ ജനങ്ങൾക്ക് മാത്രമല്ല, അവിടത്തെ കളക്ടറേറ്റിൽ പണിയെടുക്കുന്ന ജീവനക്കാർക്ക് പ്രാഥമിക സൗകര്യങ്ങൾ ഏർപ്പെടുത്താൻപോലും കഴിയുന്നില്ല. കാരണം വന സംരക്ഷണ നിയമത്തിന്റെ പേരിൽ അവിടെ പുതിയ കെട്ടിടങ്ങൾ ഉണ്ടാക്കാൻ പാടില്ലെന്നുള്ള തടസ്സമാണ്. ഈ തടസം മറികടക്കാൻവേണ്ടി ഗവൺമെൻറ് എല്ലാ ശ്രമങ്ങളും നടത്തുകയാണ്. യഥാർത്ഥത്തിൽ 1980-ലെ വന സംരക്ഷണ നിയമം ഇവിടെ പ്രാബല്യത്തിൽ വന്നില്ലെന്നാണ്. പല തലത്തിൽ നിന്നും ഗവൺമെൻറിന് കിട്ടിയ ഉപദേശം. ഇതു സംബന്ധിച്ച് അവസാന തീരുമാനം എടുക്കുന്നതിനു മുൻപ് നിയമ വകുപ്പിന്റെ അഭിപ്രായം അറിയാൻ ഗവൺമെൻറ് ശ്രമിക്കുന്നതാണ്. നിയമ വകുപ്പിന്റെ അഭിപ്രായം കൂടി ആരാഞ്ഞതിനുശേഷം ഇതു സംബന്ധിച്ച തടസ്സങ്ങൾ മാറ്റി ഇടുക്കി ജില്ല കളക്ടറേറ്റിന്റെ വികസനവും അവിടത്തെ ജനങ്ങളുടെ ചിരകാലാഭിലാഷവും പൂർത്തീകരിക്കാൻ ഗവൺമെൻറ് ആത്മാർത്ഥമായ ശ്രമം നടത്തുമെന്ന് ഞാൻ ബഹുമാനപ്പെട്ട മെമ്പറെ അറിയിക്കുകയാണ്.

(4) പട്ടികജാതിക്കാർക്ക് ലഭിക്കുന്ന സംവരണാനുകൂല്യങ്ങൾ

ശ്രീ. വി. കെ. ബാബു : സർ, കേരളത്തിലെ എസ്. സി./എസ്. ടി വിഭാഗത്തിലേക്ക് ചില സമുദായങ്ങളെക്കൂടി ഉൾപ്പെടുത്തണമെന്ന് പറയുന്നതുമൂലം ഇന്ന് കേരളത്തിലെ എസ്. സി./എസ്. ടി. വിഭാഗത്തിന് കിട്ടുന്ന ആനുകൂല്യം കുറയാൻ പോവുകയാണ്. കേരളത്തിലാകെ പത്തു ശതമാനം ആനുകൂല്യമാണ് ഇന്ന് എസ്. സി./ എസ്. ടി. വിഭാഗത്തിന് കൊടുക്കുന്നത്. അതിലേക്കാണ് വീണ്ടും ചില സമുദായങ്ങളെക്കൂടി ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെടുന്നത്. സ്വാഭാവികമായിട്ടും അതുമൂലം കേരളത്തിലെ എസ്. സി./എസ്. ടി. വിഭാഗത്തിന് കിട്ടുന്ന ആനുകൂല്യം കുറയും. അതുകൊണ്ട് ഇപ്പോഴത്തെ ആനുകൂല്യങ്ങൾ കുറയാതിരിക്കാൻ ഈ സംസ്ഥാനത്ത് സംവരണം വർദ്ധിപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആൻറണി) : സർ, ബഹുമാനപ്പെട്ട വി. കെ. ബാബു ഉന്നയിച്ച പ്രശ്നം കേന്ദ്രഗവൺമെൻറ് കൈകാര്യം ചെയ്യേണ്ടതാണ്. ഇതു സംബന്ധിച്ച് കേന്ദ്രഗവൺമെൻറ് സംസ്ഥാന ഗവൺമെൻറിൻെറ അഭിപ്രായം ആരാഞ്ഞിട്ടില്ല. കേരളത്തിൽ ഈ പ്രശ്നത്തെ സംബന്ധിച്ച് വ്യത്യസ്തമായ അഭിപ്രായങ്ങളുണ്ട്. ഒരു അഭിപ്രായ സമന്വയം ഇല്ലാത്ത പ്രശ്നമാണിത്. മന്ത്രിസഭ ഇതു സംബന്ധിച്ച് ഇതുവരെ ഒരു പ്രത്യേക തീരുമാനം എടുത്തിട്ടില്ല. ഇത് കേന്ദ്രഗവൺമെൻറ് കൈകാര്യം ചെയ്യുന്ന ഒരു വിഷയമായതുകൊണ്ടും സംസ്ഥാന ഗവൺമെൻറിന് ഇതുവരെ അറിവില്ലാത്തതുകൊണ്ടുമാണ് മന്ത്രിസഭ ഇതിനെക്കുറിച്ച് ഇതുവരെ ഒരു തീരുമാനം എടുക്കാത്തത്. ഇതിനപ്പുറം ഈ കാലഘട്ടത്തിൽ ഇതിനെക്കുറിച്ച് മറെറാരു അഭിപ്രായപ്രകടനം നടത്താൻ സാധിക്കാത്തതിൽ ഞാൻ ഖേദിക്കുന്നു.

(5) വാഹനം മുട്ടി സന്തോഷ് എന്നയാൾ മരിക്കാനിടയായ സംഭവം

ശ്രീ. എസ്. ശർമ്മ : സർ, എൻെറ നിയോജക മണ്ഡലത്തിലെ ചെങ്ങമനാട് പറമ്പയത്ത് വച്ച് 1995 ആഗസ്റ്റ് മാസം 25-ാം തീയതി കെ. എൽ. ടി. സി. 4404 നമ്പരുള്ള ജീപ്പു മുട്ടി 25 വയസുള്ളതും ഡി. വൈ. എഫ്. ഐ. യുടെ വില്ലേജ് പ്രസിഡണ്ടുമായിരുന്ന സന്തോഷ് മരിക്കുകയുണ്ടായി. സംഭവം നടന്നിട്ട് ഏഴു മാസം കഴിഞ്ഞു. നാളിതുവരെ അവിടത്തെ പോലീസ് ആ വാഹനത്തെയും ബന്ധപ്പെട്ടവരെയും പിടികൂടുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കാൻ സന്നദ്ധമായിട്ടില്ല. എത്രയും പെട്ടെന്ന് വാഹനത്തെയും അതിലെ ഡ്രൈവറെയും കസ്റ്റഡിയിലെടുക്കാനും ആവശ്യമായ നടപടി സ്വീകരിക്കാനും വേണ്ടി ഈ പ്രശ്നം ഉന്നയിച്ചുകൊണ്ട് ആലുവ പോലീസ് സൂപ്രണ്ട് ഓഫീസിൻെറ മുമ്പിലേക്ക് ബഹുജന മാർച്ച് നടക്കുകയാണ്. ഇക്കാര്യത്തിൽ അടിയന്തിര നടപടി സ്വീകരിക്കാൻ പ്രത്യേകമായ നിർദ്ദേശം നൽകണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഞാൻ ആവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആൻറണി) : സർ, ശ്രീ. ശർമ്മ സൂചിപ്പിച്ചതു പോലെ സന്തോഷിൻെറ മരണത്തെ സംബന്ധിച്ചുള്ള സത്യാവസ്ഥ കണ്ടുപിടിക്കാനോ, സന്തോഷിനെ ഇടിച്ചിട്ട് ഓടിച്ചു പോയ വാഹനം കണ്ടുപിടിക്കാനോ കുറവാളിയെ കണ്ടെത്താനോ സാധിക്കാത്തതിൽ ആ പ്രദേശത്തെ ജനങ്ങൾക്കുള്ള തീവ്രമായ വികാരം ഗവൺമെൻറിനറിയാം. ഇതു സംബന്ധിച്ച് പലരേയും ചോദ്യം ചെയ്തു, വാഹനത്തെയും തെരഞ്ഞുകൊണ്ടിരിക്കുകയാണ്. പക്ഷേ ഇതുവരെയും കുറവാളിയെ കണ്ടെത്താനോ, വാഹനം കണ്ടെത്താനോ കഴിഞ്ഞിട്ടില്ല എന്നുള്ളതിൽ എനിക്ക് ഖേദമുണ്ട്. കേസ് സന്വേഷണം കൂടുതൽ ഊർജ്ജിതമായി നടത്തി കുറവാളിയെ കണ്ടെത്തി നടപടി സ്വീകരിക്കാനുള്ള ശ്രമം ഗവൺമെൻറ് നടത്തുമെന്ന് അങ്ങയെയും സഭയേയും അറിയിക്കാൻ ആഗ്രഹിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly